**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 915** **31-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പട്ടിക ജാതി വികസന കോർപ്പറേഷൻ അനുവദിച്ച സ്റ്റാർട്ട്അപ്പ് ലോണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന പട്ടിക ജാതി വികസന കോർപ്പറേഷൻ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ എത്രപേർക്ക് സ്റ്റാർട്ടപ്പ് ലോണുകൾ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | കേരള സംസ്ഥാന പട്ടിക ജാതി പട്ടികവ ർഗ്ഗവികസന കോർപ്പറേഷൻ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ എറണാകുളം ജില്ലയിൽ രണ്ടുപേർക്കും മലപ്പുറം ജില്ലയിൽ ഒരാൾക്കുമാണ് സ്റ്റാർട്ടപ്പ് ലോണുകൾ നൽകിയിട്ടുള്ളത്.<br><br>കൂടാതെ വിവിധ തൊഴിൽ സംരഭങ്ങൾക്കായി 14403 സംരംഭകർക്കായി 179.67 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മാത്രം 3653 സംരംഭകർക്കായി 58.29 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. |
| (ബി) | 2022 മുതൽ 2023 ഫെബ്രുവരി വരെയുള്ള കാലയളവിൽ എത്രപേർക്ക് സ്റ്റാർട്ടപ്പ് ലോണുകൾ നൽകിയിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | 2022 മുതൽ 2023 ഫെബ്രുവരി വരെയുള്ള കാലയളവിൽ സ്റ്റാർട്ടപ്പ് ലോണുകൾ നൽകിയിട്ടില്ല. എന്നാൽ ഇക്കാലയളവിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 3788 സംരംഭകർക്കായി 59.86 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. |
| (സി) | സ്റ്റാർട്ടപ്പ് ലോൺ ലഭിക്കുവാൻ വേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | സ്റ്റാർട്ടപ്പ് വായ്പ നിബന്ധനകൾ<br><br>1. അപേക്ഷകൻ 18 വയസ്സിനും 55 വയസ്സിനുമിടയിൽ പ്രായമുള്ള പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളായിരിക്കണം.<br><br>2. അപേക്ഷകന്റെ കുടുംബവാർഷിക വരു മാനപരിധി 25,00,000/- രൂപ കവിയാൻ പാടില്ല.<br><br>3. ആരംഭിക്കുന്ന ബിസിനസ്സ് സംരംഭം വിജയകരമാക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം അപേക്ഷകനുണ്ടായിരിക്കണം.<br><br>4 . മതിയായ ഉദ്യോഗസ്ഥ/വസ്തു ജാമ്യം, അഥവാ ഇവ സംയുക്തമായി ഹാജരാക്കണം. |

| | | | |
|---|---|---|---|
| | | | 5. നൂതന ബിസിനസ് ആശയങ്ങൾ പ്രാവർത്തികമാക്കുന്ന വിധത്തിലുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ